പ്രതികരണം

●

ഹമീദ് വാണിമേൽ

# കാരശ്ശേരിയുടെ തനിയാവർത്തനങ്ങൾ

**എം.എൻ** കാരശ്ശേരി *മാതൃഭൂമി* ദിനപത്രത്തിൽ മൂന്ന് ദിവസങ്ങളിലായി എഴുതിയ (2009 നവംബർ 2,3,4) 'തീവ്രവാദത്തിന്റെ നാൾവഴികൾ' എന്ന ലേഖന പരമ്പര അർധ സത്യങ്ങളും ഊഹങ്ങളും നിറഞ്ഞ തനിയാവർത്തനങ്ങൾ മാത്രമാണ്. തന്റെ ഇസ്‌ലാംവിരുദ്ധത ഭീരുത്വം കാരണം പ്രകടിപ്പിക്കാൻ സാധിക്കാത്ത അവസരങ്ങളിലെല്ലാം ജമാഅത്തെ ഇസ്‌ലാമിയെ കയറിപ്പിടിച്ച് അതിന്റെ ചെലവിൽ ഇസ്‌ലാമിനെ കൈകാര്യം ചെയ്യലാണ് അദ്ദേഹത്തിന്റെ പതിവ്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിരക്ഷരനായ ഒരാളോട് പ്രമാണങ്ങളിൽ നിന്ന്സംവദിക്കാനുള്ള പരിമിതി കാരശ്ശേരി-ഇസ്‌ലാം സംവാദങ്ങൾക്കുണ്ട്. ഇസ്‌ലാമിനും ജമാഅത്തെ ഇസ്‌ലാമിക്കുമെതിരെ അദ്ദേഹം തുടരുന്ന വിമർശനങ്ങൾക്ക് ചുരുങ്ങിയത് കാൽനൂറ്റാണ്ടിലധികം പഴക്കമുണ്ടെങ്കിലും വിശദാംശങ്ങളും തലവാചകങ്ങളും മാറുന്നുണ്ടെങ്കിലും വിഷയം ഒന്നുതന്നെ. തീവ്രവാദം സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങളെക്കുറിച്ചും നിരപരാധികളുടെ ജീവൻ ഹിംസിക്കപ്പെടുന്നതിനെക്കുറിച്ചും കാരശ്ശേരിയുടെ വാക്കുകളോട് ആർക്കും വിയോജിപ്പില്ല. ലോകത്തെ ഏതെങ്കിലും ആധികാരിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളോ പ്രമുഖ പണ്ഡിതന്മാരോ തീവ്രവാദത്തെ അംഗീകരിക്കാനും ന്യായീകരിക്കാനും മുന്നോട്ടു വന്നിട്ടുമില്ല. എന്നാൽ അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ വിമോചന പോരാട്ടങ്ങളെ ഭീകരതയോട് ചേർത്തുകെട്ടി കടന്നാക്രമിക്കുന്ന കാരശ്ശേരി രീതിയെ അംഗീകരിക്കാൻ കഴിയില്ല. കാരശ്ശേരി *മാതൃഭൂമി*യിൽ ഉന്നയിച്ച പതിവ് വിമർശനങ്ങൾക്ക് സംക്ഷിപ്തമായ ഒരു പ്രതികരണമാണിത്.

1. "ഇസ്‌ലാം വെറും ഒരു മതമല്ലെന്നും അത് ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമാണെന്നുമായിരുന്നു മൗദൂദിയുടെ തീർപ്പ്..... 7-ാം നൂറ്റാണ്ടിൽ പ്രവാചകൻ ജീവിച്ച അറേബ്യൻ ഗോത്രസമൂഹത്തിൽ നിലനിന്ന മത നിയമങ്ങൾ രാഷ്ട്ര നിയമങ്ങളാക്കിക്കൊണ്ട് ദൈവത്തിന്റെ പേരിൽ പുരോഹിതൻ നാടുവാഴുന്ന അവസ്ഥയാണ് അദ്ദേഹം ഭാവന ചെയ്തത്. ഇന്ത്യൻ മുസ്‌ലിംകൾക്കിടയിലെ തീവ്രവാദ പ്രത്യയശാസ്ത്രം അങ്ങനെ ആവിഷ്കാരംകൊണ്ടു."

കാരശ്ശേരിയുടെ ഈ വാദം ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കും ചരിത്രത്തിനുമെതിരാണ്. ഇസ്‌ലാം മനുഷ്യന്റെ സ്വകാര്യ ജീവിതത്തിൽ പരിമിതമല്ലെന്നും ജീവിതത്തെ പൂർണമായി ഉൾക്കൊള്ളുന്ന സമ്പൂർണ ദർശനമാണെന്നുമുള്ള വാദം

മൗദൂദിയുടേതല്ല. ആധുനിക മനുഷ്യ നിർമിത പ്രത്യയശാസ്ത്രങ്ങളുടെ വേലിയേറ്റത്തിൽ വിസ്മരിക്കപ്പെട്ടുപോയ ഈ യാഥാർഥ്യം വീണ്ടും തുറന്ന് പ്രഖ്യാപിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. പ്രവാചകൻ പള്ളിയിലെ ഇമാമും കുടുംബത്തിന്റെ നാഥനും കോടതിയിലെ ന്യായാധിപനും യുദ്ധരംഗത്തെ നായകനുമായിരുന്നു. തുടർന്നു വന്ന ഖലീഫമാരും അങ്ങനെ തന്നെയായിരുന്നു. പ്രസിദ്ധ ഖുർആൻ നിദാനശാസ്ത്ര പണ്ഡിതനായ അബ്ദുൽ വഹാബ് അൽഖല്ലാഫിന്റെ കണക്ക് പ്രകാരം ഏറ്റവും ചുരുങ്ങിയത് ഭരണഘടനാപരവും ഭരണപരവുമായ 288 ഖുർആൻ സൂക്തങ്ങളെങ്കിലും പാടേ നിരാകരിച്ചിട്ടുവേണം ഇസ്ലാമിനെ സ്വകാര്യ ജീവിതത്തിൽ പരിമിതപ്പെടുത്താൻ. നാഷനൽ കോൺഗ്രസ്സിന്റെ നേതാവും പ്രഗത്ഭ പണ്ഡിതനുമായ അബുൽ കലാം ആസാദ് മൗദൂദിക്കുമുമ്പുതന്നെ ' ഹുകൂമത്തെ ഇലാഹി' (ദൈവരാജ്യം) അവതരിപ്പിച്ചത് നാം കാണുന്നു. മൗദൂദിയേക്കാൾ ശക്തമായ വാദങ്ങൾ അദ്ദേഹം *അൽഹിലാൽ* മാസികയിൽ മുന്നോട്ടു വെക്കുകയുണ്ടായി.

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ അധ്യക്ഷൻ മുഹമ്മദ് ഇസ്മാഈൽ സാഹിബ് മതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വിശദീകരിക്കുന്നത് കാണുക. 1962 ആഗസ്റ്റ് 22 ന് ദൽഹിയിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ വസതിയിൽ അശോക് മേത്ത കമ്മിറ്റിയുടെ സിറ്റിംഗ് നടക്കുന്നു. വർഗീയതയെക്കുറിച്ച് പഠിക്കാൻ ദേശീയോദ്ഗ്രഥന കൗൺസിൽ നിയമിച്ച സമിതിയുടെ ചെയർമാനായിരുന്നു മേത്ത.

കമ്മിറ്റിയുടെ മുമ്പിൽ വന്ന മുഹമ്മദ് ഇസ്മാഈൽ സാഹിബിനോട് മേത്ത ചോദിച്ചു: "നിങ്ങളെന്തിനാണ് മതത്തെ രാഷ്ട്രീയത്തിലേക്ക് വലിച്ചിഴക്കുന്നത്?"

ഇസ്മാഈൽ സാഹിബിന്റെ മറുപടി: "ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മതം കലർന്നിട്ടുണ്ട്. നിങ്ങൾ ഒരു മത വിശ്വാസിയാണെങ്കിൽ നിങ്ങളുടെ ജീവിതത്തിലെ ഒരു ഭാഗത്തുനിന്നും മതത്തെ വേർതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം മതം പൂർണമായൊരു ജീവിതരീതിയാണ്. ജീവിതത്തിന്റെ ഒരു ഭാഗത്ത് നിന്നും അതിനെ വേർതിരിച്ച് നിർത്താൻ കഴിയുകയില്ല. രാഷ്ട്രീയത്തിൽ നിന്ന് ഒരിക്കലും സാധ്യമല്ല. രാഷ്ട്രീയത്തെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രവേശിപ്പിക്കുന്ന ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രത്തിൽ മതത്തിനും ആ അവകാശം ഭരണഘടന നൽകുന്നുണ്ട്" (*ചന്ദ്രിക* 1962 ആഗസ്റ്റ് 25)

മതം പൊതു ജീവിതത്തിൽ ഇടപെടാൻ പാടില്ലെന്ന പാശ്ചാത്യ കാഴ്ചപ്പാടും പൗരാണികവും ആധുനികവുമായ അത്തരം യാതൊരു വാദമുഖങ്ങളും ഇസ്ലാം അംഗീകരിക്കുന്നില്ല.

2. മുസ്ലിം ലീഗിന്റെ സാമുദായിക രാഷ്ട്രീയവും ജമാഅത്തെ ഇസ്ലാമിയുടെ മതരാഷ്ട്രീയവും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി നമ്മുടെ എത്ര നേതാക്കൾ ആലോചിച്ചിട്ടുണ്ടെന്നാണ് കാരശ്ശേരിയുടെ മറ്റൊരു ചോദ്യം. സാമുദായികതയും അതിന്റെ തന്നെ ഉൽപ്പന്നമായ വർഗീയതയും ഇവിടെ എത്ര ശക്തിയിൽ തഴച്ചു വളർന്നാലും ഒരു ഇസ്ലാമിക പ്രസ്ഥാനം ആദർശപരമായ കരുത്തോടെ സാമൂഹിക വിപ്ലവത്തിന് നേതൃത്വം കൊടുക്കുന്നത് കണ്ടുനിൽക്കാൻ മതവിരോധം തലക്ക് പിടിച്ച ഭൗതിക വാദിക്ക് കഴിയുകയില്ലെന്ന വസ്തുതയാണ് കാരശ്ശേരിയുടെ ഈ താരതമ്യ വിശകലനത്തിന്റെ അന്തസത്ത.

ജമാഅത്തെ ഇസ്ലാമി ലക്ഷ്യമിടുന്ന ദൈവിക നിയമങ്ങളിലധിഷ്ഠിതമായ സാമൂഹിക വിപ്ലവത്തെകുറിച്ചുള്ള കാഴ്ചപ്പാടും കാരശ്ശേരി ഉന്നയിക്കുന്ന മതരാഷ്ട്ര വാദവും ഒരിക്കലും ഒരേ കാര്യമല്ല. പോപ്പുമാർ നേരിട്ടും പുരോഹിതന്മാർ രാജാക്കന്മാരിലൂടെയും ഭരണം നടത്തുന്ന സമ്പ്രദായം ഒമ്പതാം നൂറ്റാണ്ടു മുതൽ യൂറോ

പ്പിൽ ദീർഘകാലം നിലനിന്നു. ഇത്തരം ഒരു ഭരണ പൗരോഹിത്യ സങ്കൽപം ഇസ്‌ലാമിൽ ഇല്ല. ഇല്ലാത്ത പൗരോഹിത്യം ഭരണം നടത്തുകയോ, ഭരണകാര്യങ്ങളിൽ ഇടപെടുകയോ ചെയ്യുന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല. പ്രവാചകന്റെ പിൻഗാമികളായ ഖലീഫമാർ തങ്ങളുടെ ഭരണരംഗത്ത് പൗരോഹിത്യത്തിന്റെ ദുഃസ്വാധീനങ്ങൾക്ക് വഴങ്ങിയിട്ടുമില്ല. അതിനാൽ ഒരു ഇസ്‌ലാമിക രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ കാണുന്നത് ദൈവത്തിന്റെ പരമാധികാരത്തിന് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ നിയമനിർമാണം നടത്തുകയും ഭരിക്കുകയും ചെയ്യുകയെന്നതാണ്. മതരാഷ്ട്രവാദിയായി ചിത്രീകരിക്കപ്പെടുന്ന മൗദൂദി തന്നെ ഇത് വിശദീകരിച്ചിട്ടുണ്ട്. "ഇസ്‌ലാമിക സ്റ്റേറ്റിന് അനുയോജ്യമായ പേര് ദൈവിക രാഷ്ട്രം എന്നത്രെ. ദൈവിക രാഷ്ട്രത്തിന് ഇംഗ്ലീഷിൽ തിയോക്രസി എന്നാണ് പൊതുവെ പറയാറുള്ളത്. എന്നാൽ യൂറോപ്യൻമാർക്ക് സുപരിചിതമായ തിയോക്രസിയും ഇസ്‌ലാമിലെ തിയോക്രസിയും കടലും കടലാടിയും തമ്മിലുള്ള അന്തരമുണ്ട്. ദൈവത്തിന്റെ പേരിൽ ഒരു പ്രത്യേക മതവർഗം - പുരോഹിത വർഗം- തങ്ങളുടെ സ്വയംകൃത നിയമങ്ങൾ നടപ്പാക്കുകയും അങ്ങനെ ഫലത്തിൽ സ്വന്തം ദൈവത്വവും ഈശ്വരത്വവും ബഹുജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന ഒരു തിയോക്രസിയേ യൂറോപ്പ് ഇന്നോളം പരിചയപ്പെട്ടിട്ടുള്ളൂ. ദൈവിക രാഷ്ട്രമെന്നല്ല പൈശാചിക രാഷ്ട്രം എന്നാണ് ഇത്തരം ഭരണകൂടങ്ങൾക്ക് ഉചിതമായ പേര്" (*ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം* പേജ് 35 ,36)

3. കേരളത്തിൽ തീവ്രവാദത്തിന്റെ മാസ്റ്റർ ബ്രെയിൻ ജമാഅത്തെ ഇസ്‌ലാമിയാണെന്ന അൾട്രാ സെക്യുലരിസ്റ്റുകളുടെ ആരോപണം കാരശ്ശേരി വീണ്ടും ഉന്നയിച്ചതിൽ അത്ഭുതമില്ല. അദ്ദേഹം തന്റെ ലേഖനത്തിൽ എഴുതിയ ചില വരികൾ ഇതിനെ നിരാകരിക്കുന്നതായും കാണുന്നു. "1948 ലാണ് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തനമാരംഭിച്ചത്. ഇവിടെ അവർ ആയുധ പരിശീലനം നടത്തുന്നതിന് നാളിതുവരെ തെളിവൊന്നുമില്ല. 1992 ൽ ജമാഅത്തെ ഇസ്‌ലാമി നിരോധം നീക്കികിട്ടുന്നതിന് വ്യവസ്ഥാപിത മാർഗങ്ങളിലൂടെ മുന്നേറിയപ്പോൾ മറ്റു ചിലർ പേര് മാറ്റി തീവ്രവാദം നിലനിർത്തുകയാണ് ചെയ്തത്."

ആറു പതിറ്റാണ്ടുകാലം രാജ്യനിവാസികളിൽ ഒരാൾക്കും അനുഭവിക്കാൻ ഇടവന്നിട്ടില്ലാത്തതാണ് ജമാഅത്ത് തീവ്രവാദമെങ്കിൽ അതിന് മറ്റെന്തെങ്കിലും പേര് നൽകി ജമാഅത്തിനെ ആ പട്ടികയിൽ നിന്ന് മാറ്റിനിർത്തലല്ലേ സാമാന്യമര്യാദ? പ്രായോഗികരംഗത്ത് പ്രശ്നങ്ങളില്ലെങ്കിൽ, ജമാഅത്ത് ആഗ്രഹിക്കുന്ന സാമൂഹികവിപ്ലവ സിദ്ധാന്തമാണ് തെറ്റെങ്കിൽ അത് ജമാഅത്തിനെ ബോധ്യപ്പെടുത്താനുള്ള സംവാദങ്ങൾ ശക്തിപ്പെടുത്തുകയാണ് ജമാഅത്ത് വിരുദ്ധർ ചെയ്യേണ്ടത്. കമ്യൂണിസമടക്കമുള്ള മുഴുവൻ ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കും വിമോചനമാർഗം ഇതാണെന്ന് പ്രഖ്യാപിച്ച് പ്രവർത്തിക്കാമെങ്കിൽ ദൈവിക ദർശനത്തിലൂടെ ഒരു സാമൂഹിക വിപ്ലവം സാധ്യമാണെന്ന ജമാഅത്ത് വാദത്തെ ജനാധിപത്യമാർഗത്തിലൂടെ ഉയർത്തിപ്പിടിക്കാനുള്ള സ്വാതന്ത്ര്യം ആ പ്രസ്ഥാനത്തിന് അനുവദിച്ചുകൊടുക്കണമെന്നതല്ലേ ശരിയായ നിലപാട്.

സാമൂഹികവിപ്ലവത്തിന് ജനഹിതം മാനിച്ചുകൊണ്ട് രാജ്യത്ത് സംഭവിക്കുന്ന സാധാരണ മാറ്റമല്ലാത്ത മറ്റൊരു വഴിയും സ്വീകരിക്കാൻ ജമാഅത്ത് ആഗ്രഹിക്കുന്നില്ല. ജമാഅത്ത് ഭരണഘടന അത് വ്യക്തമാക്കുന്നു. ഇന്ത്യൻ ജമാഅത്തെ ഇ

**തന്റെ ഇസ്‌ലാംവിരുദ്ധത ഭീരുത്വം കാരണം പ്രകടിപ്പി ക്കാൻ സാധിക്കാത്ത അവസരങ്ങളിലെല്ലാം ജമാഅത്തെ ഇസ്‌ലാമിയെ കയറിപ്പിടിച്ച് അതിന്റെ ചെലവിൽ ഇസ്‌ലാമിനെ കൈകാര്യം ചെയ്യലാണ് കാരശ്ശേരിയുടെ പതിവ്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിരക്ഷരനായ ഒരാളോട് പ്രമാണങ്ങ ളിൽ നിന്ന്സംവദിക്കാനുള്ള പരിമിതി കാരശ്ശേരി– ഇസ്‌ലാം സംവാദങ്ങൾക്കുണ്ട്.**

---

സ്‌ലാമിയുടെ പ്രവർത്തനമാർഗം (പേജ് 15) വിശദീകരിക്കുന്നേടത്ത് മൂന്നാമത്തെ കാര്യം ഇതാണ്: "ജമാഅത്ത് അതിന്റെ ലക്ഷ്യ പ്രാപ്തിക്കായി രചനാത്മകവും സമാധാന പൂർവവുമായ മാർഗങ്ങൾ അവലംബിക്കുന്നതാണ്. അതായത് ആദർശപ്രചാരണവും പ്രബോധനവും വഴി ഹൃദയങ്ങളും സ്വഭാവചര്യകളും സംസ്കരിക്കുന്നതും അങ്ങനെ നാടിന്റെ സാമൂഹിക ജീവിതത്തിൽ ഉദ്ദിഷ്ടമായ ഉത്തമ വിപ്ലവം വരുത്തുന്നതിന് പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരുന്നതുമാണ്."

ഈ ഭരണഘടനാ താൽപര്യത്തിന് വിരുദ്ധമായ സമീപനങ്ങൾ പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല, ഒരു ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാമിക ജീവിതത്തെകുറിച്ച് താത്ത്വികവും പ്രായോഗികവുമായി ഇത്രയധികം സൂക്ഷ്മ പഠനം നടത്തിയ മറ്റൊരു പ്രസ്ഥാനം കേരളത്തിൽ ഇല്ല. ജമാഅത്ത് പ്രവർത്തകർക്ക് സ്വാധീനമുള്ള ധാരാളം പ്രദേശങ്ങളിൽ ഈ കാഴ്ചപ്പാടിന്റെ സുഗന്ധം മുഴുവൻ മനുഷ്യർക്കും അനുഭവിക്കാനും സാധിക്കുന്നുണ്ട്. സാമുദായിക സൗഹാർദത്തിലും മാനവിക ഐക്യത്തിലും പ്രാദേശികമായി ജമാഅത്ത് പുലർത്തുന്ന സൂക്ഷ്മത കാരശ്ശേരിക്ക് തന്നെ സ്വന്തം നാടിന്റെ ചുറ്റുവട്ടത്തിൽപോലും കാണാവുന്നതാണ്.

4. 'സിമി' ജമാഅത്തെ ഇസ്‌ലാമിയുടെ പോഷക സംഘടനയായി പ്രഖ്യാപിച്ച് അതിന്റെ പരിണാമദശകളായി എൻ.ഡി.എഫിലൂടെ താലിബാൻ, അൽഖാഇദ, ലഷ്കർ ഇ–തൊയ്ബ, ജയ്ഷെ മുഹമ്മദ് വഴി അഫ്ഗാനിസ്താനിലും പാക്കിസ്താനിലും കാശ്മീരിലും പ്രവർത്തിക്കുന്ന തീവ്രവാദ പ്രസ്ഥാനങ്ങളിലേക്ക് വരെ വലിച്ചുനീട്ടി ജമാഅത്തിനെ ഒരു ആഗോള ഭീകരതയുടെ പ്രഭവകേന്ദ്രമായി അവതരിപ്പിക്കാനാണ് കാരശ്ശേരി തന്റെ ലേഖനത്തിൽ ശ്രമിച്ചിരിക്കുന്നത്.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് ' സിമി' എന്ന പോഷക സംഘടനയില്ല. 1985 ഒക്ടോബർ 19 ന് സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ (എസ്.ഐ.ഒ) രൂപീകരിക്കുന്നതുവരെ മറ്റൊരു യുവജന വിദ്യാർഥി സംഘടന ജമാഅത്തിനില്ല. ഇന്ത്യയുടെ മോചനം ഇസ്‌ലാമിലൂടെ എന്ന ' സിമി' മുദ്രാവാക്യത്തെ ഏറ്റവും ശക്തമായി എതിർത്തതും അത്തരം പ്രയോഗങ്ങൾ രാജ്യത്ത് വലിയ തെറ്റിദ്ധാരണകൾ പരത്തുമെന്ന് പരസ്യമായി ഇത്തരം സംഘടനകളെ ഉപദേശിച്ചതും ജമാഅത്തെ ഇസ്‌ലാമിയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടുമായി ഒരിക്കലും ചേരാത്തതാണ് ആശയരംഗത്തും പ്രായോഗിക രംഗത്തുമുള്ള തീവ്രവാദലൈൻ. ഇന്ത്യയിലെ മാവോയിസ്റ്റുകളുടെയും നക്സൽ പ്രസ്ഥാനങ്ങളുടെയും ഹിംസാത്മക ലൈൻ

വ്യവസ്ഥാപിത ജനാധിപത്യ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളായ സി.പി.എം. സി.പി.ഐ സംഘടനകളുടെ പ്രചോദനമാണെന്ന് പറയാൻ കടുത്ത കമ്യൂണിസ്റ്റ് വിരോധികൾ പോലും ശ്രമിക്കാറില്ല. കാരണം ഇല്ലാത്ത കാര്യങ്ങൾ തേടിപ്പിടിച്ച് തങ്ങളുടെ വിരോധികളുടെ തലയിൽ കെട്ടിവെക്കുന്നത് സാമാന്യബോധമുള്ളവർ സ്വീകരിക്കുന്ന രീതിയല്ല.

5. ഇറാഖ് പ്രശ്നത്തിൽ എടുത്ത അമേരിക്കൻ വിരുദ്ധ സംയുക്ത നിലപാട് കേരളത്തിൽ ജമാഅത്ത്, സി.പി.എം സഹകരണം എളുപ്പമാക്കിയെന്നാണ് കാരശ്ശേരിയുടെ മറ്റൊരു കണ്ടെത്തൽ. തുടർന്നു വന്ന ഗുജറാത്ത് കലാപം, ലോകവ്യാപാര കേന്ദ്രാക്രമണം, അഫ്ഗാൻ യുദ്ധം, ഇറാഖ് അധിനിവേശം, സദ്ദാം വധം മുതലായവയെല്ലാം ഈ സഹകരണത്തിന്റെ തുടർച്ചകളെ ന്യായീകരിച്ചതിലാണ് കാരശ്ശേരിക്ക് മനഃപ്രയാസം. മൗദൂദിസവും മാർക്സിസവും കേരളത്തിൽ കൈകോർത്തതിൽ അങ്ങോർ ഭയങ്കരമായി ക്ഷുഭിതനാണ്. കേരളീയ പൊതുസമൂഹത്തിലേക്ക് ഇസ്ലാമിക പ്രസ്ഥാനം ധീരമായി കടന്നുവന്നതും വിവിധ പ്രശ്നങ്ങളിൽ ഇസ്ലാമിക പ്രസ്ഥാനവും പോഷകസംഘടനകളും ഇടപെടുന്നതുമാണ് കാരശ്ശേരി ഗാംഗിന്റെ കടുത്ത അസൂയക്കും ആക്രോശത്തിനും കാരണം. എന്നാൽ തന്റെ ലേഖനങ്ങളിൽ ഒരിടത്തും സാമ്രാജ്യത്വത്തെ വിശദീകരിക്കാനോ, അതിനെതിരായ പോരാട്ടം മനുഷ്യസമൂഹത്തോടുള്ള ബാധ്യതയായി അവതരിപ്പിക്കാനോ ഒരിക്കലും അദ്ദേഹം തുനിയുന്നില്ല. അമേരിക്കൻ സമ്രാജ്യത്വം ഭൂമിയിൽ സൃഷ്ടിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ഈ അഹിംസാവാദി മൗനം പാലിക്കുന്നു. ലോകസമാധാനത്തിനും ഇന്ത്യയുടെ രക്ഷക്കും അദ്ദേഹത്തിന്റെ ഒറ്റമൂലി ജമാഅത്തെ ഇസ്ലാമി നശിക്കുകയെന്നത് മാത്രമാണ്. സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൽ കമ്യൂണിസ്റ്റുകാരും ഇസ്ലാമിസ്റ്റുകളും മാത്രമല്ല, ഇന്ത്യയിലെ അനേകം ആക്റ്റിവിസ്റ്റുകളും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ പോരാട്ടത്തെ അടർത്തിമാറ്റാൻ കാരശ്ശേരിയുടെ അസൂയ മാത്രം മതിയാവുകയില്ല. സമകാലീന ലോകത്ത് കാസ്ട്രോയും ഷാവേസും അഹ്മദീ നിജാദുമടക്കമുള്ള രാഷ്ട്ര നായകന്മാരും വിവിധ രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളും കൈകോർത്ത് സൃഷ്ടിച്ച പ്രതിരോധമാണ് അമേരിക്കൻ സാമ്രാജ്യത്വത്തെ അല്പമെങ്കിലും നിലക്കുനിർത്താൻ കാരണമായത്. കമ്യൂണിസവും ഇസ്ലാമും ഭിന്ന അടിത്തറകളിലുള്ള പ്രസ്ഥാനങ്ങളാണെങ്കിലും മനുഷ്യരുടെ പൊതു നന്മയിൽ എന്തിന് സഹകരിക്കാതിരിക്കണം.

കേരളത്തിലെ ഇസ്ലാമിക പരിഷ്കരണവാദികളായി കാരശ്ശേരി അവതരിപ്പിക്കുന്ന ഏതൊരാളും ഇസ്ലാമിന്റെ മൗലികതയെ തകർക്കാൻ ഇറങ്ങി പുറപ്പെട്ടവരാണെന്ന് കണ്ടെത്താനാവും. എന്നാൽ സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഇസ്ലാമിസ്റ്റുകളെയും ഇസ്ലാഹീ പ്രസ്ഥാനങ്ങളെയും അംഗീകരിക്കാൻ അദ്ദേഹം തയാറുമല്ല. അതുകൊണ്ടാണ് ജമാഅത്തെ ഇസ്ലാമിയെ രാഷ്ട്രീയമായും സാംസ്കാരികമായും ഒറ്റപ്പെടുത്താനുള്ള ആസൂത്രണങ്ങൾക്ക് എത്ര സമയം നീക്കിവെക്കാനും കാരശ്ശേരിക്ക് കഴിയുന്നത്. ■